## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1388

30-09-2011 ൽ മറുപടിയ്ക്ക്

## ഉത്പാദന ബോണസ്

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകി വരുന്ന ഉത്പാദന ബോണസ് എത്രയെന്നും ആയത് നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) നെൽകൃഷിക്കാർക്ക് ഒരുവിള കൃഷിക്ക് ഹെക്ടറിന് 350/- രൂപ നിരക്കിൽ ഉല്പാദന ബോണസ് നല്കി വരുന്നു. നെൽകൃഷിയിറക്കി സംരക്ഷിച്ച് വിള കൊയ്തെടുക്കുന്ന കർഷകർക്കാണ് ഈ ആനുകൂല്യം നൽകി വരുന്നത്. |
| (ബി) ഉത്പാദന ബോണസ് സംഖ്യ നിശ്ചയിച്ചത് എപ്പോഴാണെന്നും ആയത് കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) ഉത്പാദന ബോണസ് ആദ്യമായി നിലവിൽ വന്നത് 1991-92 ൽ ഹെക്ടറിന് 100 രൂപ നൽകി കൊണ്ടാണ്. 1994-95 ൽ ഇത് ഒരു വിളയ്ക്ക് ഹെക്ടറിന് 250/- രൂപ യായും 1997-98 ൽ ഇത് 350/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ നിരക്കിലാണ് ഉത്പാദന ബോണസ് നൽകി വരുന്നത്. |
| (സി) ഇപ്പോൾ നെൽകൃഷി ക്കാർക്ക് നൽകി വരുന്ന ഉത്പാദക ബോണസ് വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ